പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5127 23.03.2018 ന് മറുപടിയ്ക്ക്.

## നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് തൊഴിൽ പരിശീലന വകുപ്പിന്റെ കീഴിൽ വരുന്നസ്ഥാപനങ്ങളിലെ പഠന പദ്ധതി പരിഷ്കരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>,, സി.കെ.നാണു<br>,, കെ.ബി.ഗണേഷ് കുമാർ<br>,, കോവൂർ കുഞ്ഞുമോൻ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് ഏതെങ്കിലും തൊഴിൽ മേഖലകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിത ബുദ്ധി ഉപയോഗിക്കുവാൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;<br><br>(ബി) നിർമിത ബുദ്ധിയിലോ മറ്റ് നൂതന സാങ്കേതിക വിദ്യകളിലോ യുവാക്കൾക്ക് ഫലപ്രദമായ പരിശീലനം ലഭിക്കാതിരിക്കുകയാണെങ്കിൽ ഭാവിയിൽ തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ;<br><br>(സി) അസാപ്പ് സഹായത്തോടെ സ്കൂൾ കോളേജ് സാങ്കേതിക വിദ്യാഭ്യാസ തൊഴിൽ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പ്രസ്തുത സാങ്കേതിക വിദ്യകൾ വ്യാപകമാക്കാൻ തൊഴിൽ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;<br><br>(ഡി) ഇക്കാര്യത്തിൽ നീതി ആയോഗിന്റെ മാർഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്നിവിടങ്ങളിൽ ഇതു സംബന്ധിച്ച് ഹ്രസ്വകാല, ദീർഘകാല കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ | (എ),( ബി), (സി), & (ഡി)<br><br>തൊഴിൽ വകുപ്പിന്റെ കീഴിലോ അസാപ്പ് മുഖേനയോ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ നിർമിത ബുദ്ധി ഉപയോഗപ്പെടുത്തി കൊണ്ടുള്ള പരിശീലന പദ്ധതികൾ നിലവിലില്ല. നിർമിത ബുദ്ധിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്ന മേഖലകളിൽ ഇത്തരത്തിലുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് നീതി ആയോഗിന് ശിപാർശകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ